**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 978** **29-08-2022 - ൽ മറുപടിയ്ക്ക്**

**സെറ്റിൽമെന്റുകൾ മാറ്റിസ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനത്തിനുള്ളിലെ സെറ്റിൽമെന്റുകൾ മാറ്റിസ്ഥാപിക്കാൻ സംസ്ഥാന ബഡ്ജറ്റിൽ എത്ര തുകയാണ് അനുവദിച്ചത്; ഇതിൽ നിലമ്പൂർ നോർത്ത് ഡിവിഷനു കീഴിലെ വനമേഖലയോടു ചേർന്ന സെറ്റിൽമെന്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; അറിയിക്കാമോ; | (എ) | റീബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതിയുടെ ഭാഗമായി വനം വകുപ്പിന്റെ കീഴിൽ നടപ്പാക്കി വരുന്ന ഒരു ഉപപദ്ധതിയാണ് വനത്തിനകത്തുള്ള സ്വകാര്യ സെറ്റിൽമെൻറുകളുടെ പുനരധിവാസം. 14/11/2019 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 483/2018/ പി&ഇഎ നമ്പർ പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിക്കായി 105.9176 കോടി രൂപയാണ് ആകെ വകയിരുത്തിയിട്ടുള്ളത്. വനമേഖലയോടു ചേർന്ന സെറ്റിൽമെൻറുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഡിവിഷൻ തലത്തിൽ പ്രത്യേകമായി തുക വേർതിരിച്ച് വകയിരുത്തിയിട്ടില്ല. |
| (ബി) | നിലമ്പൂർ നോർത്ത് ഡിവിഷനു കീഴിലെ പോത്തുകല്ല് വനമേഖലയോട് ചേർന്ന സെറ്റിൽമെന്റുകൾ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് വനം വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ടോ; വനത്തിനോട് ചേർന്നു താമസിക്കുന്ന ആളുകൾക്ക് ഒഴിഞ്ഞു പോകുന്നതിന് വനംവകുപ്പ് ഉദ്യോഗസ്ഥർ നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | നിലമ്പൂർ നോർത്ത് ഡിവിഷനു കീഴിലെ പോത്തുകല്ല് വനമേഖലയോട് ചേർന്ന സെറ്റിൽമെൻറുകളിൽ സ്വയം സന്നദ്ധത പുനരധിവാസ പദ്ധതിയെപ്പറ്റി വനം വകുപ്പ് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. വനത്തിനോടു ചേർന്നു താമസിക്കുന്ന ആളുകൾ ഒഴിഞ്ഞുപോകുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ നോട്ടീസ് നൽകിയിട്ടില്ല. |
| (സി) | കുടിയൊഴിഞ്ഞു പോകേണ്ടവർക്ക് അവരുടെ കൈവശത്തിലുള്ള ഭൂമിയുടെ അളവിന്റെയും കൃഷി വിളകളുടെയും വീട് ഉൾപ്പെടെയുള്ള നിർമ്മിതികളുടെയും വില കണക്കാക്കി ആനുപാതികമായ നഷ്ടം നൽകി പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച ആശങ്ക പരിഹരിക്കാൻ ജനപ്രതിനിധികളുടെയും വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു ചേർക്കുന്നത് പരിഗണനയിലുണ്ടോ; | (സി) | കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽ നിന്നും പുനരധിവാസത്തിനായുള്ള ആവശ്യം ഉയരുന്നുണ്ട്. ഇതിലേക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതി, കിഫ്ബി Phase II എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും അടങ്ങുന്ന റീജിയണൽ കമ്മിറ്റിയുടെ യോഗം വിളിച്ചുചേർത്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥർ യോഗം വിളിച്ചുചേർത്ത് അവരുടെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിക്കായുള്ള അപേക്ഷകൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | രണ്ട് സെന്റ് മുതൽ മുകളിലേക്ക് എത്ര അളവിൽ ഭൂമിയുണ്ടെങ്കിലും അതിൽ വീടുൾപ്പെടെയുള്ള നിർമ്മിതികൾ എത്രയുണ്ടെങ്കിലും അതിനെ ഒരു യൂണിറ്റായി കണക്കാക്കി പതിനഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്ന രീതി അപ്രായോഗികവും അശാസ്ത്രീയവുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ തീരുമാനം പുനഃപരിശോധിക്കുമോ; | (ഡി) | സ്വയം സന്നദ്ധ പുനരധിവാസത്തിനായി കേന്ദ്രസർക്കാരിന്റെ ദേശീയ കടുവ സംരക്ഷണ അതോറിറ്റി വിജ്ഞാപനം ചെയ്തിട്ടുള്ളതും കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടും ഗുണഭോക്താക്കൾക്ക് ഏറ്റവും ഗുണകരമായ രീതിയിൽ പരിഷ്കരിച്ച ഈ പദ്ധതിക്ക്, അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. കൂടാതെ 04/11/2020 ൽ ചേർന്ന ആദ്യ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി സ്വയം സന്നദ്ധ പുനരധിവാസത്തിനായുള്ള മാർഗ്ഗനിർദ്ദേശം അംഗീകരിച്ചിട്ടുള്ളതാണ്. |
| (ഇ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരം പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമവുമായ തരത്തിൽ കേരളത്തെ പുനർനിർമ്മിക്കുന്നതിന് വനം വകുപ്പ് തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ഇ) | മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽ നിന്നും പുനരധിവാസത്തിനായുള്ള ആവശ്യം ഉയരുന്നുണ്ട്. ഇതിലേക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതി (14.11.2019-ലെ ജി.ഒ. (ആർ.റ്റി) 483/2018/ പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി Phase II (23.01.2020-ലെ ജി.ഒ (എം.എസ്) 2/2020/വനം വന്യജീവി, 02.08.2021-ലെ ജി.ഒ (എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്വയം സന്നദ്ധ പുനരധിവാസത്തിനായുള്ള മാർഗ്ഗനിർദ്ദേശം 04/11/2020 ൽ ചേർന്ന ആദ്യ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണ്.<br><br>• * കുടുംബമെന്നാൽ ഒരു വ്യക്തി/അവരുടെ ജീവിത പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ, മാതാപിതാക്കൾ, |

| | | | |
|---|---|---|---|
| | | | ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ.<br><br>* ഒരു കുടുംബത്തിലെ തന്നെ താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണു താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് 'അർഹരായ പ്രത്യേക കുടുംബമായി' കണക്കാക്കുന്നതാണ്.<br><br>1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ), വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ.<br><br>2. 18 വയസ്സിനു മുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ.<br><br>3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ)<br><br>4. പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ.<br><br>5. വിധവ അല്ലെങ്കിൽ വിവാഹമോചിത.<br><br>* രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും.<br><br>* വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/ മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്.<br><br>* രണ്ട് ഹെക്ടറിന് മേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ